**കണ്ണൂർ സർവ്വകലാശാല**

**(അക്കാദമിക് എ വിഭാഗം )**

അക്കാദ്/SWC/11475/2021

തീയതി: 29.09.2021

**<u>പ്രസിദ്ധീകരണത്തിന്</u>**

**<u>യു.ജി. പ്രവേശനം-തിരുത്തലുകൾക്കും SAY പരീക്ഷ പാസ്സായവർക്കും ഇതു വരെ അപേക്ഷിക്കാത്ത SC/ST/PWBD വിഭാഗത്തിൽപ്പെട്ടവർക്കും അഫ്സൽ ഉൽ ഉലമ പ്രിലിമിനറി പാസ്സായവർക്കും അപേക്ഷിക്കാനവസരം</u>**

2021-22 അധ്യയന വർഷത്തെ യു.ജി. പ്രവേശനത്തിന്റെ അഞ്ചാം അലോട്ട്മെന്റ് 20.10.2021 ന് പ്രസിദ്ധീകരിക്കും. താഴെപറയുന്ന വിഭാഗത്തിൽ പെടുന്നവരെയും അഞ്ചാം അലോട്ട്മെന്റിന് പരിഗണിക്കുന്നതാണ്.

1) പ്ലസ് ടു പുനർ മൂല്യ നിർണയത്തിൽ മാർക്ക് കൂടിയ വിദ്യാർത്ഥികൾക്ക് പുതിയ മാർക്ക് എൻട്രി ചെയ്യുന്നതിനും റിസർവേഷൻ കാറ്റഗറി, വെയിറ്റേജ് മാർക്കിൻറെ അർഹത, യോഗ്യതാ പരീക്ഷയുടെ മാർക്ക് എന്നിവ തെറ്റായി രേഖപ്പെടുത്തിയവർ തിരുത്തുകയാണെങ്കിൽ അഞ്ചാം അലോട്ട്മെന്റിൽ പരിഗണിക്കുന്നതാണ്. ഇപ്രകാരം പരിഗണിക്കേണ്ടവർ രേഖകൾ സഹിതം ugsws@kannuruniv.ac.in എന്ന ഇ-മെയിലിലേക്ക് 2021 ഒക്ടോബർ 02 നകം അപേക്ഷ അയക്കേണ്ടതും candidate login ചെയ്ത് 200/- രൂപ കറക്ഷൻ ഫീയിനത്തിൽ അടക്കേണ്ടതുമാണ്. പുനർമൂല്യനിർണ്ണയത്തിന്റെ മാർക്ക് തിരുത്തേണ്ടവർ മാത്രം കറക്ഷൻ ഫീ ഒടുക്കേണ്ടതില്ല

2) കൂടാതെ SAYപരീക്ഷ, പുനർ മൂല്യനിർണ്ണയം എന്നിവയിൽ പാസ്സായവർക്കും, ഇതു വരെ അപേക്ഷിക്കാത്ത SC/ST/PWBD വിഭാഗത്തിൽപ്പെട്ടവർക്കും, വൈകി ഫലം പ്രസിദ്ധീകരിച്ച അഫ്സൽ ഉൽ ഉലമ പ്രിലിമിനറി കോഴ്സ് പാസ്സായവർക്കും യു.ജി. കോഴ്സുകൾക്ക് 2021 ഒക്ടോബർ 02 നകം അപേക്ഷിക്കാൻ അവസരമുണ്ട്.

3) വിവിധ കാരണങ്ങളാൽ, ലഭിച്ച അലോട്ട്മെൻറ് നഷ്ടപ്പെട്ടവരുടെ അപേക്ഷ വീണ്ടും പരിഗണിക്കുന്നതാണ്. ഇതിനായി അപേക്ഷകർ candidate login ചെയ്ത് 2021 ഒക്ടോബർ 05 നകം 200/- രൂപ റീകൺസിഡർ ഫീയിനത്തിൽ അടക്കേണ്ടതാണ്.

4) നാല് അലോട്ട്മെൻറുകളിലും അലോട്ട്മെൻറ് ലഭിക്കാത്തവർക്ക്
ഓപ്ഷൻസ് പുന:ക്രമീകരിക്കുന്നതിന് അവസരമുണ്ട്. താത്പര്യപെടുന്നവർ candidate login ചെയ്ത് 200/- രൂപ കറക്ഷൻ ഫീ യിനത്തിൽ അടച്ച് 2021 ഒക്ടോബർ 6,7,8 എന്നീ തീയതികളിലായി ഓപ്ഷൻസ് പുന:ക്രമീകരിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് <u>www.admission.kannuruniversity.ac.in</u> എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

ഹെൽപ്പ് ലൈൻ നമ്പറുകൾ : 0497-2715261, 7356948230.
e-mail id: ugsws@kannuruniv.ac.in

Sd/-

രജിസ്ട്രാർ(i/c)

സ്വീകർത്താവ്:

1. പി.ആർ.ഒ.(പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനായി)
2. വെബ് മാനേജർ(വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
3. ഐ.ടി. സെൽ
4. അന്വേഷണ വിഭാഗം